**അടിയന്തരപ്രമേയം**

പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾ

മി. സ്പീക്കർ: സഭയിൽ ആദ്യം വരേണ്ടിയിരുന്ന സുപ്രധാനമായ ഒരു വിഷയമായിരുന്നു ഇത്. മഹാപ്രളയത്തിനുശേഷം ദുരിതമനുഭവിക്കുന്നവർക്ക് കാര്യമായ സഹായം നൽകാൻ കഴിയാത്തതുമൂലവും ദുരിതാശ്വാസ പ്രവർത്തനങ്ങൾ പൂർണ്ണമായും സ്തംഭിച്ചതുമൂലവും ജനങ്ങൾ നേരിടുന്ന കഷ്ടപ്പാടുകളും ദുരിതങ്ങളുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരവുമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രളയകാര്യത്തിൽ ഭരണ-പ്രതിപക്ഷഭേദമില്ലാതെ നമ്മൾ ഒന്നിച്ചുനിന്നാണ് പ്രളയത്തെ നേരിട്ടത്. ഇനി അങ്ങോട്ടും നടപടികൾ ഒന്നിച്ചാണ് സ്വീകരിക്കേണ്ടത്. നാം ഒരു ഘട്ടത്തിൽ പ്രത്യേകമായിത്തന്നെ പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ചകൾ നടത്തിയത്.

നിലവിലുള്ള പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നത് നന്നായിരിക്കുമെന്നതിനാൽ ചർച്ച ചെയ്യാം.

മി. സ്പീക്കർ: സർക്കാരിന്റെ ഈ നിലപാട് അഭിനന്ദനീയമാണ്. റൂൾ 50 അനുസരിച്ചുള്ള പ്രമേയം ചർച്ചയ്ക്കെടുക്കാമെന്ന് സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ച സാഹചര്യത്തിൽ പ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിക്കാം. ചട്ടം 55 പ്രകാരം ഉച്ചയ്ക്കുശേഷം 1 മണിക്ക് ചർച്ച ആരംഭിക്കേണ്ടതും 3 മണിക്ക് അവസാനിപ്പിക്കേണ്ടതുമാണ്. പ്രമേയത്തിന്മേലുള്ള ചർച്ച ആരംഭിക്കുന്നതിന് മുമ്പുതന്നെ നമ്മുടെ നടപടിക്രമങ്ങൾ പരമാവധി പൂർത്തീകരിക്കാൻ അംഗങ്ങൾ സഹകരിക്കണമെന്ന് അറിയിക്കുന്നു. സമയത്തെക്കുറിച്ച് പറയുമ്പോഴുള്ള അസ്വസ്ഥത പ്രകടിപ്പിക്കാതിരുന്നാൽ 1 മണിക്കുള്ളിൽ പരമാവധി പൂർത്തീകരിക്കാം.

ഓർഡർ...ഓർഡർ... സഭ കാര്യവിവരപ്പട്ടികയിലെ മറ്റിനങ്ങളിലേയ്ക്ക് കടക്കുന്നു.